സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 150 2024 സെപ്തംബർ 27 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കെ. സുധാകരനെതിരായ സർക്കാർ ഹർജി തള്ളി, തിരിച്ചടി

ന്യൂഡൽഹി: ഇ.പി. ജയരാജൻ വധശ്രമക്കേസിൽ കെ.പി.സി.സി. അധ്യക്ഷൻ കെ. സുധാകരനെ കുറ്റവിമുക്തനാക്കിയ ഹൈക്കോടതി വിധിക്കെതിരെ കേരളം ഫയൽ ചെയ്ത ഹർജി സുപ്രീം കോടതി തള്ളി. വെറും രാഷ്ട്രീയക്കേസാണ് ഇതെന്ന് നിരീക്ഷിച്ച് കൊണ്ടാണ് സുപ്രീം കോടതി ഹർജി തള്ളിയത്. ജസ്റ്റിസുമാരായ വിക്രം നാഥ്, പി.ബി. വരാലെ എന്നിവർ അടങ്ങിയ ബെഞ്ചാണ് കേരളത്തിന്റെ ഹർജി തള്ളിയത്. 30വർഷം മുൻപ് നടന്ന സംഭവം ആണിതെന്നും രാഷ്ട്രീയ ക്കേസിനോട് അനുകൂല സമീപനമല്ല തങ്ങൾക്കുള്ളതെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി. കുറ്റവിമുക്തനാക്കപ്പെട്ട വ്യക്തി, ഉന്നത രാഷ്ട്രീയനേതാവ് ആണെന്ന് സംസ്ഥാന സർക്കാർ അഭിഭാഷകർ ചൂണ്ടിക്കാട്ടിയപ്പോൾ, കേരളം ഇപ്പോൾ ഭരിക്കുന്നത് ആരാണ് എന്നായിരുന്നു സുപ്രീം കോടതിയുടെ മറുചോദ്യം.

തൃശ്ശൂരിലെ എടിഎം കവർച്ച: പ്രതികൾ തമിഴ്നാട്ടിൽ പിടിയിൽ, പോലീസ് വെടിയുതിർത്തു, ഒരാൾ മരിച്ചു

തൃശ്ശൂർ: തൃശ്ശൂരിൽ എ.ടി.എം കവർച്ച നടത്തിയ സംഘം തമിഴ്നാട്ടിൽ പിടിയിൽ. നാമക്കലിന് സമീപമാണ് ഏഴംഗ സംഘം പോലീസിന്റെ വലയിലായത്. പ്രതികളിൽ ഒരാൾ പോലീസിന്റെ വെടിയേറ്റുമരിച്ചു. കണ്ടെയ്നർ ലോറിയിൽ സഞ്ചരിക്കുന്നതിനിടെ തമിഴ്നാട് പോലീസ് പിടികൂടുകയായിരുന്നു.

മോഷണത്തിനായി ഉപയോഗിച്ച കാർ കണ്ടെയ്നർ ലോറിക്കുള്ളിൽ ഉണ്ടായിരുന്നു. 65 ലക്ഷം രൂപയും പിടിച്ചെടുത്തെന്നാണ് ഒടുവിൽ കിട്ടിയ റിപ്പോർട്ട്. എസ്.കെ. ലോജിറ്റിക്സിന്റെതാണ് കണ്ടെയ്നർ. ലോറി മറ്റൊരു വാഹനത്തിൽ ഇടിച്ചതാണ് പ്രതികളെ കുടുക്കിയത്. അപകടശേഷം ലോറി പോലീസ് നിരീക്ഷണത്തിലായിരുന്നു. പിന്നീട് തമിഴ്നാട് പോലീസ് കണ്ടെയ്നർ വളഞ്ഞിട്ട് പ്രതികളെ പിടികൂടുകയായിരുന്നു. അതിനിടെയാണ് വെടിവെപ്പ് ഉണ്ടായതെന്നാണ് തമിഴ്നാട് പോലീസിൽ നിന്ന് ലഭിക്കുന്ന വിവരം. പിന്നിൽ പ്രൊഫഷണൽ ഗ്യാങ് ആണെന്ന് സംശയിക്കുന്നതായി തൃശ്ശൂർ എസ്.പി. നേരത്തേ പറഞ്ഞിരുന്നു.

ഇന്ന് പുലർച്ചെ നടന്ന കവർച്ചയിൽ, മൂന്ന് എ.ടി.എമ്മുകളിൽനിന്ന് 65 ലക്ഷം രൂപയോളമാണ് നഷ്ടമായത്. മാപ്രാണം, ഷൊർണൂർ റോഡ്, കോലഴി എന്നിവിടങ്ങളിലെ എ.ടി.എമ്മുകളിൽ നിന്നാണ് പണം മോഷ്ടിച്ചത്. മാപ്രാണത്തെ എസ്. ബി.ഐ എടിഎമ്മിലാണ് 2.10–ന് ആദ്യം മോഷണം നടന്നത്.

കഴിഞ്ഞദിവസം ഏകദേശം 35 ലക്ഷം രൂപയുടെ നോട്ടുകൾ ഈ എടിഎമ്മിൽ അധികൃതർ നിറച്ചിരുന്നു. ഇത് കവർച്ചാ സംഘം കണ്ടിരിക്കാം എന്നാണ് സംശയിക്കുന്നത്. എടിഎമ്മുകൾക്കു മുൻപിലെ സി.സി.ടി.വി ക്യാമറകൾക്കു മേൽ കറുപ്പ് നിറത്തിലുള്ള പെയിന്റടിക്കുകയും സെക്യൂരിറ്റി അലാറമടക്കം നശിപ്പിക്കുകയും ചെയ്തിരുന്നു.

കാറിൽ മുഖം മൂടി ധരിച്ചെത്തിയ സംഘം ഗ്യാസ് കട്ടർ ഉപയോഗിച്ചാണ് എ.ടി. എമ്മിൽ നിന്ന് പണം കവർന്നത്. മൂന്ന് വ്യത്യസ്ത പോലീസ് സ്റ്റേഷൻ പരിധികളിലുള്ള എ. ടി.എമ്മുകളിലാണ് മോഷണം നടന്നത്.

65 ലക്ഷം രൂപയും കാറും ആയുധങ്ങളും കണ്ടെടുത്തു

കണ്ടെയ്നർ ലോറിയിൽ സഞ്ചരിക്കുന്നതിനിടയിലാണ് ഹരിയാന സ്വദേശികളായ പ്രതികൾ അറസ്റ്റിലായത്. ഒരു പോലീസുകാരനും മോഷ്ടാക്കളിലൊരാൾക്കും പരിക്കേറ്റിട്ടുണ്ട്. പോലീസുകാരന് കുത്തേൽക്കുകയായിരുന്നു.

മോഷ്ടാക്കളിൽ നിന്ന് തോക്ക് അടക്കമുള്ള ആയുധങ്ങളും കണ്ടെത്തിയിട്ടുണ്ട്. കണ്ടെയ്നറിനുള്ളിൽ കാറുമുണ്ട്. തമിഴ്നാട് പോലീസാണ് പ്രതികളെ പിടികൂടിയതെന്നാണ് വിവരം. മാപ്രാണം, കോലഴി, ഷൊർണൂർ റോഡ് എന്നീ സ്ഥലങ്ങളിലെ മൂന്ന് എ ടി എമ്മുകളാണ് ഇവർ കൊള്ളയടിച്ചത്. പുലർച്ചെ രണ്ടരയ്ക്കും നാലിനുമിടയിലായിരുന്നു.

65 ലക്ഷം രൂപയിലധികം മോഷ്ടാക്കൾ കൊണ്ടുപോയി. കാറിലെത്തിയ സംഘം, ഗ്യാസ് കട്ടർ ഉപയോഗിച്ച് എ ടി എം തകർക്കുകയും പണവുമായി കടന്നുകളയുകയുമായിരുന്നു. ഈ കാറാണ് കണ്ടെയ്നർ ലോറിയിൽ നിന്ന് കണ്ടെത്തിയത്. മോഷ്ടാക്കൾ സഞ്ചരിച്ച കാറിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

പ്രതികൾ മുഖംമൂടി ധരിച്ചിരുന്നു. എ ടി എമ്മുകളിലെ ക്യാമറകളൊന്നും നശിപ്പിച്ചിട്ടില്ല. പ്രതികൾ ആദ്യം മാപ്രാണത്തെ എ ടി എമ്മാണ് കൊള്ളയടിച്ചത്. ഇവിടെ നിന്ന് 30 ലക്ഷം രൂപ കൊണ്ടുപോയി. തുടർന്ന് കോലഴിയിലെ എ ടി എമ്മിൽ നിന്ന് 25 ലക്ഷം രൂപയും ഷൊർണൂർ റോഡിലെ എ ടി എം തകർത്ത് പത്ത് ലക്ഷത്തോളം രൂപയും കവരുകയായിരുന്നു. സംഭവത്തിന്റെ പശ്ചാത്തലത്തിൽ തൃശൂർ അതിർത്തികളിൽ പരിശോധന കർശനമാക്കിയിരുന്നു. കൂടാതെ തമിഴ്നാട്ടിലേക്ക് കടക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് തമിഴ്നാട് പോലീസിനെയും വിവരം അറിയിച്ചിരുന്നു.

അഞ്ചു ഹരിയാനക്കാർ പിടിയിലായത് നാമക്കൽ കുമാരപാളയത്തുവച്ച്. കാറുൾപ്പെടെ കണ്ടെയ്നറിൽ കയറ്റിയാണ് സംഘം കേരളം വിട്ടത്. അമിതവേഗത്തിൽ എത്തിയ കണ്ടെയ്നർ രണ്ടു കാറിലും നാലു ബൈക്കുകളിലും ഇടിച്ചു. പോലീസ് പിന്തുടർന്നപ്പോൾ പ്രതികൾ രക്ഷപെടാൻ ശ്രമിച്ചു. ലോറിയിൽ തോക്കുൾപ്പെടെ ആയുധങ്ങളും 65 ലക്ഷം രൂപയും കാറും കണ്ടെടുത്തു.

ഇതര സംസ്ഥാനക്കാരെ കേന്ദ്രീകരിച്ചായിരുന്നു അന്വേഷണം. കവർച്ചാസംഘമെത്തിയത് വെള്ള നിറത്തിലുള്ള കാറിലാണ്. സംഘാംഗങ്ങൾ കാറിൽനിന്നിറങ്ങുന്ന ദൃശ്യങ്ങൾ ലഭിച്ചു. അതേസമയം, മോഷണം നടത്തിയ പ്രഫഷനൽ സംഘത്തെക്കുറിച്ച് സൂചന ലഭിച്ചെന്ന് പോലീസ്. പാലക്കാട്, കോയമ്പത്തൂർ, കൃഷ്ണഗിരി ജില്ലകളിൽ ജാഗ്രതാനിർദേശം നൽകിയിരുന്നു. അവിടെ നടന്ന കവർച്ചകളുമായി ബന്ധമുണ്ടെന്ന് സംശയമെന്നും കമ്മിഷണർ ആർ.ഇളങ്കോ വ്യക്തമാക്കിയിരുന്നു.

തൃശൂരിൽ നിന്നും എസ് പി അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർ തമിഴ്നാട്ടിലേക്ക് പോയിട്ടുണ്ട്.

'പാലുകൊടുത്തു വളർത്തിയത് മുഖ്യമന്ത്രി, അൻവർ തിരിഞ്ഞു കൊത്തിയതിന്റെ ഉത്തരവാദിത്വവും അദ്ദേഹം ഏറ്റെടുക്കട്ടേ'

തിരു : ശരി,തെറ്റുകൾ എന്തായാലും ഇത്രയും കടുത്തൊരു പ്രഹരം മുഖ്യമന്ത്രിയും സി.പി.എമ്മും സമീപ കാലത്തൊന്നും നേരിട്ടിട്ടില്ല. പത്രസമ്മേളനത്തിൽ പി.വി. അൻവർ വിളിച്ചു പറഞ്ഞതിനെ പ്രതിരോധിക്കാൻ പാർട്ടി ഏറെ പണിപ്പെടേണ്ടി വരും. അൻവറിന്റെ ആരോപണങ്ങളുടെ വിശ്വാസ്യത എന്തുതന്നെയായാലും പൊതുസമൂഹത്തിൽ അത് ഒരുപാട് ചോദ്യങ്ങൾ ഉയർത്തുമെന്നതിൽ സംശയമില്ല. മുഖ്യമന്ത്രിയേയും,ആഭ്യന്തര വകുപ്പിനെയും ഇന്നലെ എണ്ണിയെണ്ണി പറഞ്ഞ് ആക്രമിച്ചപ്പോൾ ആദ്യം അമ്പരന്നു നിൽക്കുന്ന അവസ്ഥയിലായിരുന്നു പാർട്ടി നേതൃത്വം.

പാർട്ടി പരിശോധിച്ചു കാര്യങ്ങൾ തീരുമാനിക്കുമെന്ന ദുർബ്ബലമായ പ്രതികരണമാണ് ആദ്യം പൊളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവനിൽ നിന്നുണ്ടായത്. പി.ബി യോഗത്തിൽ പങ്കെടുക്കാൻ പോയ മുഖ്യമന്ത്രി ആലുവയിൽ വാർത്ത ലേഖകരുടെ ചോദ്യങ്ങളോടു മൗനം പാലിച്ചപ്പോൾ, രാത്രി ഡൽഹിയിലെത്തിയ സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ഇന്നെല്ലാം വിശദമായി പറയാമെന്നാണ് പ്രതികരിച്ചത്. പിണറായി സൂര്യതേജസ്സാണെന്ന് എൽ.ഡി.എഫ് കൺവീനർ ടി പി. രാമകൃഷ്ണൻ കോഴിക്കോട് പറഞ്ഞു. 'പിണറായി എന്ന സൂര്യൻ ക്കെട്ടു' എന്ന അൻവറിന്റെ പ്രതികരണത്തിനു മറുപടിയായിട്ടായിരുന്നു ഇത്. പിബി, സി.സി യോഗങ്ങളിൽ പങ്കെടുക്കാൻ പാർട്ടി സംസ്ഥാന നേതൃത്വത്തിലെ പ്രമുഖരെല്ലാം ഡൽഹിയിലെത്തിയിട്ടുണ്ട്

അൻവറിന്റെ ആരോപണങ്ങൾ തള്ളുന്നു, സംശയിച്ചത് ശരിയായി; വിശദമായ മറുപടി പിന്നീടെന്ന് മുഖ്യമന്ത്രി

ന്യൂഡൽഹി: തനിക്കും പാർട്ടി നേതൃത്വത്തിനുമെതിരെ ഇടത് എം.എൽ.എ. പി. വി.അൻവർ ഉന്നയിച്ച ആരോപണങ്ങൾ തള്ളുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. വിശദമായ മറുപടി പിന്നീട് നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഡൽഹിയിൽ പോളിറ്റ് ബ്യൂറോ യോഗത്തിൽ പങ്കെടുക്കുന്നതിന് മുൻപായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി.വി. അൻവർ നേരത്തെ ചില ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ തന്നെ എന്താണ് അതിന് പിന്നിലെന്ന സംശയമുണ്ടായിരുന്നു. ഒരു എം. എൽ. എ. എന്ന നിലയ്ക്ക് അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിൽ ഏറ്റവും മികച്ച അന്വേഷണ സംവിധാനം ഏർപ്പെടുത്തിയാണ് അന്വേഷണം പ്രഖ്യാപിച്ചത്. അതിൽ അദ്ദേഹം തൃപ്തനല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. നേരത്തെ സംശയിച്ചത് പോലെ തന്നെയാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്, മുഖ്യമന്ത്രി പറഞ്ഞു.

പാർട്ടിക്കും എൽ.ഡി.എഫിനും സർക്കാരിനുമെതിരെയുള്ള കാര്യങ്ങളാണ് അൻവർ ഇന്നലെ പറഞ്ഞിട്ടുള്ളത്. എൽ.ഡി.എഫിന്റെ ശത്രുക്കൾ വ്യാപകമായി പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പറയുന്നതും കേട്ടു. ഉദ്ദേശ്യം വ്യക്തമാണ്. അദ്ദേഹം തന്നെ അത് തുറന്ന് പറഞ്ഞു. എൽ.ഡി.എഫിൽനിന്ന് വിട്ടുനിൽക്കുന്നുവെന്നും പാർലമെന്ററി പാർട്ടിയിൽ പങ്കെടുക്കില്ലെന്നും സ്വയം അറിയിച്ചു.അദ്ദേഹം പറഞ്ഞതിന് വിശദമായി മറുപടി പറയേണ്ടതുണ്ട്. അക്കാര്യങ്ങളിലേക്ക് പിന്നീട് പ്രതികരിക്കാമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

പാർട്ടിക്കും സർക്കാരിനും എൽ.ഡി.എഫിനും എതിരെ അൻവർ ഉന്നയിച്ച എല്ലാ കാര്യങ്ങളും തള്ളിക്കളയുന്നു. അത് പൂർണ്ണമായും എൽ.ഡി.എഫിനേയും സർക്കാരിനെയും അപകീർത്തിപ്പെടുത്താനുള്ള ആരോപണമായേ കണക്കാക്കാനാകൂ. ഈ നിലപാട് നേരത്തെ നിശ്ചയിച്ച അന്വേഷണസംവിധാനത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കില്ല. അത് കൃത്യമായി നിഷ്പക്ഷമായി തുടരുക തന്നെ ചെയ്യുമെന്ന് മുഖ്യമന്ത്രി പ്രതികരിച്ചു.

എല്ലാ കാര്യങ്ങളും അദ്ദേഹം വ്യക്തമാക്കി കഴിഞ്ഞു. അദ്ദേഹം പറഞ്ഞ കാര്യങ്ങളെപ്പറ്റി വിശദമായി പറയേണ്ടതുണ്ട്. അക്കാര്യങ്ങളെക്കുറിച്ച് വിശദമായി ഒരിക്കൽ പ്രതികരിക്കാം. ഇപ്പോൾ പാർട്ടിക്കും എൽ ഡി എഫിനും സർക്കാരിനും എതിരെ ഉന്നയിച്ച എല്ലാ ആരോപണങ്ങളും തള്ളിക്കളയുകയാണ്. എൽ ഡി എഫിനെയും പാർട്ടിയേയും അപകീർത്തിപ്പെടുത്താനുള്ള ഗൂഢനീക്കമായിട്ടേ കാണാനാകൂ. ഈ നിലപാട് നേരത്തെ നിശ്ചയിച്ച അന്വേഷണത്തെ ഒരു തരത്തിലും ബാധിക്കുന്നതല്ല. നിഷ്പക്ഷമായി അന്വേഷണം തുടരും. ഇത്രയേ ഇപ്പോൾ പറയാനുള്ളൂ.'– പിണറായി വിജയൻ പറഞ്ഞു. മാദ്ധ്യമ പ്രവർത്തകർക്ക് ചോദ്യങ്ങൾ ഉണ്ടാകുമെന്നും തത്ക്കാലം പ്രതികരിക്കാനില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'തുറന്നുപറച്ചിലിന്റെ പ്രത്യാഘാതം ഭയക്കുന്നില്ല, മനസുകൊണ്ട് എൽഡിഎഫ് വിട്ടിട്ടില്ല'; വീണ്ടും പിവി അൻവർ

മലപ്പുറം: സർക്കാരിനെതിരെയും മുഖ്യമന്ത്രി പിണറായി വിജയനെതിരെയും വീണ്ടും ആഞ്ഞടിച്ച് നിലമ്പൂർ എംഎൽഎ പിവി അൻവർ. തന്നെ കൊള്ളക്കാരനാക്കി ചിത്രീകരിച്ചെന്നും എന്തിനാണ് വഞ്ചിച്ചതെന്നും അൻവർ വാർത്താസമ്മേളനത്തിനിടെ ചോദിച്ചു. തന്റെ തുറന്നുപറച്ചിലിന് പിന്നാലെയുണ്ടാകുന്ന പ്രത്യാഘാതങ്ങളെ ഭയക്കുന്നില്ലെന്നും അൻവർ കൂട്ടിച്ചേർത്തു. മുഖ്യമന്ത്രി പിണറായി വിജയന്റെ വാർത്താസമ്മേളനത്തിന് പിന്നാലെ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'മനസുകൊണ്ട് എൽഡിഎഫ് വിട്ടിട്ടില്ല. എൽഡിഎഫിനൊപ്പം തന്നെയാണ് ഇപ്പോഴും, മാറിനിൽക്ക് എന്ന് പറയുന്നത് വരെ ഇവിടെ നിൽക്കും. ഇങ്ങനെ പോയാൽ 2026ലെ തിരഞ്ഞെടുപ്പിൽ കെട്ടിവച്ച കാശ് കിട്ടാത്ത സ്ഥാനാർത്ഥികളുണ്ടാകും. മാദ്ധ്യമപ്രവർത്തകരോട് മാത്രമല്ല, എനിക്ക് ജനങ്ങളോടടക്കം കാര്യങ്ങൾ പറയാനുണ്ട്. സ്വർണക്കടത്തിൽ തനിക്ക് പങ്കുണ്ടെങ്കിൽ അന്വേഷണം നടത്തട്ടേ'– അൻവർ പറഞ്ഞു. തനിക്ക് ഇനി പ്രതീക്ഷ കോടതി മാത്രമാണെന്നും അൻവർ കൂട്ടിച്ചേർത്തു.

ചകിരിനാരുമായി വന്ന ലോറിക്ക് തീപിടിച്ചു

കുന്നംകുളം :വേലൂർ തയ്യൂരിൽ ലോറിക്ക് തീപിടിച്ചു.തയ്യൂർ ഏബൽ കിടക്ക നിർമ്മാണ കമ്പനിയിലേക്ക് ചകിരി നാരുമായി വന്ന ലോറിക്കാണ് തീപിടിച്ചത്. രാവിലെ 8.30 ഓടെയാണ് സംഭവം.ലോറിക്ക് മുകളിൽ ഉയർന്ന് നിന്നിരുന്ന ചകിരി നാര് വൈദ്യുതി കമ്പിയിൽ ഉരസിയതാണ് തീപിടുത്തത്തിന് കാരണമെന്ന് പറയുന്നു. കുന്നംകുളത്ത് നിന്നും അഗ്നിശമന സേനാ സംഘം എത്തി തീയണച്ചു. മുമ്പും ഈ കമ്പനിയിൽ വൻ തീപ്പിടുത്തമുണ്ടായിട്ടുണ്ട്.

അർജുന്റെ മൃതദേഹ അവശേഷിപ്പുകൾ നാട്ടിലെത്തിക്കാൻ വൈകിയേക്കും

ബംഗളൂരു: ഷിരൂരിലെ നീണ്ടനാളത്തെ തെരച്ചിലിനൊടുവിൽ ഗംഗാവലിപ്പുഴയുടെ അടിത്തട്ടിൽ നിന്നും കണ്ടെത്തിയ അർജുന്റെ മൃതദേഹത്തിന്റെ ഡിഎൻഎ ഫലം ഇന്ന് വന്നേക്കില്ല. അതിനാൽ, മൃതദേഹത്തിന്റെ അവശേഷിപ്പുകൾ കുടുംബത്തിന് കൈമാറുന്നത് വൈകിയേക്കും. ആശുപത്രിയിലെ ഫോറൻസിക് വിഭാഗത്തിന്റെ വീഴ്ചയാണ് സാമ്പിൾ ലാബിലേക്ക് എത്തിക്കുന്നത് വൈകാൻ കാരണമായത്.

അർജുന്റെ സഹോദരൻ അഭിജിത്തിന്റെ ഡിഎൻഎ സാമ്പിൾ ശേഖരിച്ച് താരതമ്യത്തിനായി തയ്യാറാക്കിയിട്ടുണ്ട്. അർജുന്റെ തുടയെല്ലും നെഞ്ചിന്റെ ഭാഗത്തുള്ള വാരിയെല്ലിന്റെ ഒരു ഭാഗവുമാണ് അയച്ചിട്ടുള്ളത്. രണ്ട് ഡിഎൻഎയും ഒത്തുപോകുന്നുവെന്ന് വാക്കാൻ വിവരം ലഭിച്ചാൽ തന്നെ മൃതദേഹത്തിന്റെ അവശേഷിപ്പുകൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കാനാണ് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം.

ലോറി ഉടമയായ മനാഫും സംഘവും ഇന്നലെ രാത്രി നാട്ടിലേക്ക് തിരിച്ചു. അർജുന്റെ സഹോദരീഭർത്താവ് ജിതിനും സഹോദരൻ അഭിജിത്തും ആംബുലൻസിൽ മൃതദേഹത്തെ അനുഗമിക്കും. ജില്ലാ ഭരണകൂടം സജ്ജീകരിച്ച ആംബുലൻസിന്റെ എല്ലാ ചെലവും കേരള സർക്കാർ വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കർണാടക പൊലീസിന്റെ സുരക്ഷയോടെയാണ് മൃതദേഹം കോഴിക്കോട്ടേക്ക് കൊണ്ടുപോവുക.

അർജുനെ കാണാതായതിന്റെ 71–ാം ദിവസമാണ് ലോറിയുടെ അവശിഷ്ടം കണ്ടെടുക്കാൻ കഴിഞ്ഞത്. ഡ്രഡ്ജർ ഉപയോഗിച്ചാണ് ലോഹഭാഗം കരയിലേക്ക് അടുപ്പിച്ചത്. കരുതിയിരുന്നത് പോലെ അഴുകിയ നിലയിലാണ് മൃതദേഹം കിട്ടിയത്. എസ്ഡിആർഎഫിന്റെ ബോട്ടിൽ മൃതദേഹാവശിഷ്ടം കരയിലെത്തിച്ച ശേഷമാണ് ആശുപത്രിയിലേക്ക് മാറ്റിയത്.

ജൂലായ് 16നാണ് കോഴിക്കോട് കണ്ണാടിക്കൽ സ്വദേശിയായ അർജുനെ കർണാടകയിലെ മണ്ണിടിച്ചിലിൽ കാണാതായത്. കാലാവസ്ഥ അനുകൂലമല്ലാതിരുന്നതിനാൽ തെരച്ചിൽ പലപ്പോഴും അനിശ്ചിതത്വത്തിൽ തുടർന്നപ്പോഴും, ഡ്രഡ്ജർ എത്തിച്ചുള്ള തെരച്ചിലിൽ അർജുനെ കണ്ടെത്താൻ സാധിക്കുമെന്ന പ്രതീക്ഷയിലായിരുന്നു കുടുംബം. ആ പ്രതീക്ഷയാണ് ഇപ്പോൾ ദുഃഖകരമായ അന്ത്യത്തിലെത്തിയത്.

അർജുൻ ഉൾപ്പെടെ പത്തു പേരാണ് അത്യാഹിതത്തിൽപ്പെട്ടത്. എഴുപേരുടെ മൃദേഹം പുഴയിൽ നിന്ന് കണ്ടെത്തിയിരുന്നു. കർണാടകയിൽ നിന്ന് തടി കൊണ്ടുവരാൻ മുക്കം സ്വദേശി മനാഫിന്റെ ലോറിയുമായി അർജുൻ ജൂലായ് എട്ടിനാണ് പോയത്.16നാണ് അവസാനമായി വീട്ടിലേക്ക് വിളിച്ചത്. ലോറിയുടെ ജി പി എസ് സാന്നിദ്ധ്യം ദുരന്ത സ്ഥലത്താണെന്ന് ഭാരത് ബെൻസ് കമ്പനി ലോറി ഉടമയെ അറിയിച്ചതോടെതാണ് അർജുനെ കാണാനില്ലെന്ന വിവരം നാട്ടിൽ അറിഞ്ഞത്.

ബാലകൃഷ്ണേട്ടന്റെ ഫോണിലേക്ക് ഇപ്പോഴും നൂറുകണക്കിന് കോളുകൾ വരാറുണ്ട്

കണ്ണൂർ: സി പി എം മുൻ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെ ജനങ്ങൾ ഇന്നും മിസ് ചെയ്യുന്നുണ്ടെന്ന് ഭാര്യ വിനോദിനി. വലിയ പ്രശ്നങ്ങൾ വരുമ്പോൾ അത് ലഘൂകരിച്ച് കൊണ്ടുപോകാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും വിനോദിനി ഒരു മാദ്ധ്യമത്തോട് പറഞ്ഞു.

കോടിയേരിയുടെ ഫോൺ ഇപ്പോഴും തന്റെ കൈയിലുണ്ടെന്ന് വിനോദിനി പറയുന്നു. അതിലേക്ക് നൂറ് കണക്കിന് കോളുകൾ വരാറുണ്ട്. ഞങ്ങൾ ഞങ്ങളുടെ സഖാവിനെ ഓർമിക്കുന്നു, അതുകൊണ്ട് വിളിക്കുന്നുവെന്ന് പറഞ്ഞാണ് ആൾക്കാർ വിളിക്കാറെന്നും അവർ വ്യക്തമാക്കി.

മക്കൾക്ക് വേണ്ടി കോടിയേരി പദവി ദുരുപയോഗം ചെയ്തിട്ടില്ലെന്നും വിനോദിനി വ്യക്തമാക്കി. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അർഹിക്കുന്ന ശിക്ഷ അനുഭവിക്കട്ടേയെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ മരണമാണ് തങ്ങൾക്കുണ്ടായ വലിയ നഷ്ടമെന്നും അവർ കൂട്ടിച്ചേർത്തു.

കോടിയേരി ബാലകൃഷ്ണൻ അവസാനമായി പറഞ്ഞ കാര്യങ്ങളും വിനോദിനി വെളിപ്പെടുത്തി. 'ആശുപത്രിയിൽ നിന്ന് പെട്ടന്ന് ബോധം മറഞ്ഞതുപോലെയായി. കുട്ടികൾ എല്ലാവരും കൂടി വിളിച്ചു. എഴുന്നേറ്റ് കഴിഞ്ഞപ്പോൾ എല്ലാവരെയും റൂമിൽ നിന്ന് പുറത്തിറക്കാൻ പറഞ്ഞു. എന്നെ മാത്രം അവിടെ നിർത്തി, ചിലപ്പോൾ നീ ഒറ്റക്കായിപ്പോകുമെന്ന് എന്നോട് പറഞ്ഞു. അങ്ങനെ പറയാൻ ഞാൻ സമ്മതിച്ചില്ല. കൈപിടിച്ചു. അപ്പോൾ എന്റെ കൈ തട്ടിയിട്ട് പറഞ്ഞു, ചിലപ്പോൾ ഒന്നുമുണ്ടാകില്ല. എന്നാലും പറയട്ടേ, ഒറ്റക്കായിരിക്കും നീ ഉണ്ടാകുക, ആരെയും ആശ്രയിക്കാതെ ജീവിക്കാൻ പഠിക്കണം. ആരും കൂടെയുണ്ടാകില്ല. ഒറ്റയാളെയും ആശ്രയിക്കരുത്, അങ്ങനെ വേണം ജീവിക്കാനെന്ന് പറഞ്ഞു.

ഒരാളുടെയടുത്തും ഒരാവശ്യത്തിനും പോകരുതെന്ന് ഉറച്ച് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഒഴിഞ്ഞുകിടന്ന വീടുകളിൽ ഹോസ്റ്റലൊക്കെ നടത്തുന്നു. പത്ത് മുപ്പത് പെൺകുട്ടികൾ താമസിക്കുന്നുണ്ട്. എന്നോട് പറഞ്ഞ വാക്ക് ഞാൻ അക്ഷരംപ്രതി പാലിക്കുന്നുണ്ട്. നാളെ എഴുന്നേൽക്കരുതെന്ന് വിചാരിച്ചാണ് കിടക്കുന്നത്. മതിയായിട്ടുണ്ട് എനിക്ക് ജീവിച്ച്.'– വിനോദിനി പറഞ്ഞു.

വീണ്ടും എംപോക്സ്: എറണാകുളം സ്വദേശിയുടെ ഫലം പോസിറ്റീവ്

കൊച്ചി: സംസ്ഥാനത്ത് വീണ്ടും എംപോക്സ് സ്ഥിരീകരിച്ചു. എറണാകുളം സ്വദേശിയായ യുവാവിനാണ് രോഗം സ്ഥിരീകരിച്ചത്. വിദേശത്ത് നിന്നെത്തിയ യുവാവ് ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.

യുഎഇയിൽ നിന്ന് കേരളത്തിലെത്തിയ മലപ്പുറം സ്വദേശിക്കാണ് സംസ്ഥാനത്ത് ആദ്യമായി എംപോക്സ് സ്ഥിരീകരിച്ചത്. ഇന്ത്യയിൽ ആദ്യമായി എംപോക്സിന്റെ ക്ലേഡ് വൺ ബി വകഭേദമാണ് മലപ്പുറം സ്വദേശിയിൽ കണ്ടെത്തിയതെന്നും ആരോഗ്യവകുപ്പ് വ്യക്തമാക്കിയിരുന്നു. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യാൻ ആരോഗ്യവകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

2022 മുതൽ ലോകത്തിന്റെ പല ഭാഗങ്ങളിലും മങ്കിപോക്സ് വ്യാപനമുണ്ടായെങ്കിലും കഴിഞ്ഞ കുറച്ച് നാളുകളായി തീവ്ര വ്യാപനമുണ്ട്. വെസ്റ്റ്, സെൻട്രൽ, ഈസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളിലാണ് രോഗവ്യാപനമുള്ളത്. അമേരിക്കയിലും യൂറോപ്പിലും രോഗികളുടെ നിരക്കിൽ വർദ്ധനയുണ്ട്. നിലവിലെ വ്യാപനത്തിന് തുടക്കമാകുന്നത് കഴിഞ്ഞ ജനുവരി മുതലാണ്. റിപ്പബ്ലിക് ഒഫ് കോംഗോയ്ക്ക് പുറമേ അയൽരാജ്യങ്ങളായ കെനിയ, റുവാൻഡ, ഉഗാണ്ട എന്നിവിടങ്ങളിലും രോഗ വ്യാപനമുണ്ടായി.

ഹിസ്ബുള്ളയുടെ പ്രമുഖ കമാൻഡറെ കൊലപ്പെടുത്തി, ഡ്രോൺ ദൃശ്യങ്ങൾ പുറത്തുവിട്ട് ഇസ്രായേൽ

ടെൽഅവീവ്: ഹിസ്ബുള്ളയുടെ ഉന്നത കമാൻഡറായ മുഹമ്മദ് ഹുസൈൻ സ്രോറിനെ വ്യോമാക്രമണത്തിൽ കൊലപ്പെടുത്തിയതിന്റെ ഡ്രോൺ ദൃശ്യങ്ങൾ പുറത്തുവിട്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പ്രൊഫഷണലുകൾക്കുമായി ബിരുദാനന്തര ബിരുദ പ്രോഗ്രാമുമായി ഐഎസ്ബി

കൊച്ചി : 2001-ൽ സ്ഥാപിതമായതുമുതൽ മാനേജ്മെൻറ് വിദ്യാഭ്യാസത്തിൽ പുതിയ നിലവാരങ്ങൾ സ്ഥാപിക്കുന്നതിന് പേരുകേട്ട ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസ്, ഇന്ത്യയ്ക്കും ലോകത്തിനും വേണ്ടിയുള്ള ഭാവി നേതാക്കളെ ഒരുക്കിയെടുക്കാനുള്ള ദൗത്യത്തിൽ മറ്റൊരു തകർപ്പൻ പാത വെട്ടിത്തുറക്കാൻ ഒരുങ്ങുകയാണ്. ഐഎസ്ബി 2 വർഷം വരെ മുഴുവൻ സമയ പ്രവൃത്തിപരിചയമുള്ള ഉദ്യോഗാർത്ഥികൾവേണ്ടി എംബിഎയ്ക്ക് തത്തുല്യമായ മുഴുവൻ സമയ റസിഡൻഷ്യൽ മാനേജ്മെൻറ് പ്രോഗ്രാമായ പിജിപി വൈഎൽ - 20 മാസ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെൻറ് ഫോർ യംഗ് ലീഡേഴ്സ് (പിജിപി വൈഎൽ), ആരംഭിച്ചതായി പ്രഖ്യാപിച്ചു

ആനന്ദപുരം സ്കൂളിൽ പുതിയ ശുചിമുറി

ഇരിങ്ങാലക്കുട : ആനന്ദപുരം ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്കൂളിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ശുചിമുറി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.പി ടി എ പ്രസിഡന്റ് എ എം ജോൺസൻ അധ്യക്ഷനായി. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി.

പഞ്ചായത്തംഗങ്ങളായ കെ വൃന്ദാകുമാരി, എ എസ് സുനിൽകുമാർ, നിജി വത്സൻ, ശ്രീജിത്ത് പട്ടത്ത്, മാനേജ്മെന്റ് പ്രതിനിധി എ എൻ വാസുദേവൻ, പി ടി എ വൈസ് പ്രസിഡന്റ് സോമൻ മുത്രത്തിക്കര, എം പി ടി എ പ്രസിഡന്റ് സ്മിത വിനോദ് എന്നിവർ പ്രസംഗിച്ചു.

ഹെഡ്മാസ്റ്റർ ടി അനിൽകുമാർ സ്വാഗതവും പ്രിൻസിപ്പാൾ കെ പി ലിയോ നന്ദിയും പറഞ്ഞു.

ലേബർ കോടതി പ്രിസൈഡിങ് ഓഫീസർ കേസുകൾ വിചാരണ ചെയ്യുന്നു

തൃശ്ശൂർ :കോഴിക്കോട് ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസറും, ജില്ലാ ജഡ്ജിയുമായ രാജീവ് ജയരാജ് ഒക്ടോബർ 1-ാം തീയതി രാവിലെ 11 മണിക്ക് പാലക്കാട് പി.ഡബ്ല്യൂ.ഡി ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ തൊഴിൽ സംബന്ധമായ കേസുകളുടെ പരിഹാരാർത്ഥം ക്യാമ്പ് ചെയ്യുന്നു. ക്യാമ്പ് സിറ്റിംഗിൽ വിളിച്ചുവരുന്ന എല്ലാ കേസുകളും വിചാരണ ചെയ്യുമെന്ന് സെക്രട്ടറി അറിയിച്ചു.

സംസ്ഥാനതല രസതന്ത്ര ക്വിസ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് കോളേജിലെ രസതന്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനതല രസതന്ത്ര ക്വിസ് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. വിവിധ ജില്ലകളിലെ സ്കൂളുകളിൽ നിന്നും നൂറോളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. രസതന്ത്രത്തോടുള്ള ആഭിമുഖ്യം വിദ്യാർത്ഥികളിൽ വളർത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ക്വിസ് മത്സരം സംഘടിപ്പിച്ചത്.

വിവിധ റൗണ്ടുകളിലായി നടത്തിയ മത്സരത്തിൽ ഭാരതീയ വിദ്യാഭവൻ ഇരിഞ്ഞാലക്കുട, നിർമലമാത സെൻട്രൽ സ്കൂൾ തൃശൂർ, കാൽഡിയൻ സിറിയൻ എച്ച്. എസ്സ്. എസ്സ്. തൃശൂർ എന്നീ സ്കൂളുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

അൻവറിന്റെ ആരോപണങ്ങൾ രാജ്യസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുന്നത് : ആം ആദ്മി പാർട്ടി

കരിപ്പൂർ വിമാനത്താവളം വഴി ഏകദേശം 150 കിലോ സ്വർണം ആണ് പോലീസ് പിടികൂടിയത്.അത് കസ്റ്റംസിന്റെയും സിഐഎസ്എഫ് പോലുള്ള കേന്ദ്ര ഏജൻസികളുടെയും കണ്ണു വെട്ടിച്ചാണ് ഇത്രയധികം സ്വർണം കടത്തിക്കൊണ്ടുവന്നിരിക്കുന്നത്.

ജഢ അൻവറിന്റെ ഭാഷ കടമെടുത്താൽ അതിൽ ഏറെ സ്വർണം പോലീസ് കണക്കിൽപ്പെടുത്താതെ തട്ടിയെടുത്തിട്ടുണ്ട് എന്നാണ് ആരോപണം. കണക്ക് പ്രകാരമുള്ള സ്വർണ്ണത്തിൻറെ ഏകദേശം വില 100 കോടി രൂപയിൽ അധികം വരും. അൻവറിന്റെ ആരോപണം പ്രകാരംപോലീസ് മറച്ചുവെച്ച സ്വർണ്ണത്തിൻറെ വിലയെ കണക്കാക്കിയാൽ പിടിച്ചെടുത്ത സ്വർണ്ണത്തിൻറെ ഇരട്ടി വരും.ഇത് കസ്റ്റംസും മറ്റ് കേന്ദ്ര ഏജൻസികളും അടങ്ങുന്ന കേസ് ആയതിനാലും മുൻപ് കേരളത്തിൽ തന്നെ സർക്കാർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കള്ളക്കടത്ത് നടന്നിട്ടുള്ളതിനാലും ഇത് കേന്ദ്ര ഏജൻസികൾ അന്വേഷിക്കണം.

രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയമാണ് കേന്ദ്ര സംസ്ഥാന ഭരണകർത്താക്കൾ മൗനം വെടിയണം.

മകളുടെ കല്യാണത്തിന് ടോംയാസ് 7 യുവതികൾക്ക് വിവാഹസഹായം നൽകുന്നു

തൃശ്ശൂർ: മകൾ അഞ്ജലിയുടെ വിവാഹത്തിനോടനുബന്ധിച്ച് ആഡംഭരം കുറച്ച് ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടി 7 യുവതികൾക്ക് വിവാഹ സഹായമായി 4 പവൻ സ്വർണ്ണം വീതം നൽകുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ യുവതികൾ ഇതിൽപ്പെടും.

എല്ലാ വിവാഹങ്ങൾക്കും എന്തെങ്കിലും ദാനധർമ്മങ്ങൾ ചെയ്യണമെന്ന നിശ്ചയദാർഢ്യമുണ്ടായിരുന്ന അമ്മ ട്രീസയുടെ സ്മരണയ്ക്കും കൂടിയാണ് ഈ സഹായം.

ഒക്ടോബർ അഞ്ചിനാണ് വിവാഹം. ചാവക്കാട് ഒരുമനയൂർ കുറുമ്പൂർ വീട്ടിൽ സുശീലൻ വാസുവിന്റെ മകൻ അക്ഷയ് ആണ് വരൻ. ഗാന്ധി ജയന്തി ദിനത്തിൽ വീട്ടിൽ നടക്കുന്ന ലളിതമായ ചടങ്ങിൽ പത്മശ്രീ കലാമണ്ഡലം ഗോപിയാശാൻ, C-M-I സഭയുടെ ദേവമാതാ പ്രൊവിൻസിന്റെ മുൻ പ്രൊവിൻഷ്യാൽ ഫാ. ഡേവീസ് പനയ്ക്കൽ, പ്രസിദ്ധ ചിത്രകാരൻ വി.എം. ബഷീർ എന്നിവർ ചേർന്ന് യുവതികൾക്ക് സഹായം കൈമാറും.

താലൂക്ക്തല പട്ടയമേള; മന്ത്രി കെ. രാജൻ ഉദ്ഘാടനം നിർവ്വഹിക്കും

ജില്ലയിലെ മുകുന്ദപുരം, ചാലക്കുടി-കൊടുങ്ങല്ലൂർ താലൂക്ക്തല പട്ടയമേള റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം നിർവ്വഹിക്കും. സെപ്തംബർ 28 ന് ഉച്ചയ്ക്ക് 2.30 ന് ഇരിങ്ങാലക്കുട നഗരസഭ ടൗൺഹാളിൽ നടക്കുന്ന മുകുന്ദപുരം താലൂക്ക്തല പട്ടയമേളയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷത വഹിക്കും.

പെട്രോളിയം, ടൂറിസം വകുപ്പ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. ചാലക്കുടി രാജീവ്ഗാന്ധി ടൗൺഹാളിൽ വൈകീട്ട് 4.30 ന് നടക്കുന്ന ചാലക്കുടി-കൊടുങ്ങല്ലൂർ താലൂക്ക്തല പട്ടയമേളയിൽ എം. എൽ.എ സനീഷ്കുമാർ ജോസഫ് അധ്യക്ഷത വഹിക്കും.

പെട്രോളിയം, ടൂറിസം വകുപ്പ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും മുഖ്യാതിഥികളാകും. എം.പി ബെന്നി ബെഹനാൻ, എംഎൽ.എമാരായ വി.ആർ. സുനിൽകുമാർ, ഇ.ടി ടൈസൻമാസ്റ്റർ, കെ.കെ രാമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ലേലം

ഒല്ലൂർ പോലീസ് സ്റ്റേഷനിലെ പഴയ പോലീസ് സ്റ്റേഷൻ ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ സെപ്തംബർ 30 ന് രാവിലെ 11 ന് ഒല്ലൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് പരസ്യമായി ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2423511.

വഴിപാടായി മധുരപലഹാരങ്ങൾ വേണ്ട; തിരുപ്പതി വിവാദത്തിന് പിന്നാലെ പുതിയ തീരുമാനവുമായി ക്ഷേത്ര കമ്മിറ്റികൾ

ലക്നൗ: തിരുപ്പതി ലഡു വിവാദത്തിന് പിന്നാലെ ക്ഷേത്രങ്ങളിൽ വഴിപാടായി മധുരപലഹാരങ്ങൾ നൽകേണ്ടെന്ന തീരുമാനവുമായി ഉത്തർപ്രദേശ് പ്രയാഗ്രാജിലെ ക്ഷേത്രങ്ങൾ. നിലവിൽ പ്രസാദമായി നൽകിക്കൊണ്ടിരിക്കുന്ന പേഡ, ലഡു എന്നിവയ്ക്ക് പകരം പൂക്കൾ, തേങ്ങ, പഴങ്ങൾ എന്നിവ നൽകാനാണ് നിർദേശം. ശ്രീ മൻകാമേശ്വർ മഹാദേവ ക്ഷേത്രം, അലോപ് ശങ്കരി ദേവീ ക്ഷേത്രം, ബഡേ ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിലെ ക്ഷേത്ര കമ്മിറ്റികളാണ് പുതിയ തീരുമാനമെടുത്തിരിക്കുന്നത്.

ഇനിമുതൽ ഭക്തർ ദേവതകൾക്ക് വഴിപാടായി മധുരപലഹാരങ്ങൾ സമർപ്പിക്കേണ്ടതില്ലെന്നും പകരം തേങ്ങ, ഫലവർഗങ്ങൾ, ഡ്രൈഫ്രൂട്ട്സ്, ഏലക്ക എന്നിവ ഉപയോഗിക്കാൻ തീരുമാനിച്ചതായും പ്രയാഗ്രാജിലെ പ്രശസ്തമായ ലളിതാ ദേവീ ക്ഷേത്രത്തിലെ മുഖ്യപുരോഹിതൻ മുറാത് മിശ്ര പറഞ്ഞു. ഭക്തർക്ക് മായമില്ലാത്ത മധുരപലഹാരങ്ങൾ ലഭ്യമാക്കുന്നതിന് ക്ഷേത്ര പരിസരത്ത് തന്നെ കടകൾ തുറക്കാൻ പദ്ധതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ക്ഷേത്രത്തിന് പുറത്തുള്ള മധുരപലഹാരങ്ങളുടെ സാമ്പിൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താൻ ജില്ലാ മജിസ്ട്രേറ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പരിശോധന നടക്കുന്നതുവരെ മധുരപലഹാരങ്ങൾ വഴിപാടായി സ്വീകരിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഇടനാഴിയുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞാലുടൻ ക്ഷേത്രത്തിനുള്ള പ്രസാദം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കുകയാണെന്ന് ബഡെ ഹനുമാൻ ക്ഷേത്ര തലവൻ മഹന്ത് ബൽബീർ ഗിരി ജി മഹാരാജ് അറിയിച്ചു. സക്നൗവിലെ മങ്കാമ്മഹേശ്വർ ക്ഷേത്രത്തിൽ, പുറത്തുനിന്ന് വാങ്ങുന്ന പ്രസാദം നിരോധിച്ച നീക്കത്തിന് പിന്നാലെയാണ് ഈ തീരുമാനം.

പൗരോഹിത്യ രജതജുബിലി ആഘോഷിക്കുന്ന പ്രമുഖ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഫാ. പോൾ ചാലിശ്ശേരി

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ദാമ്പത്യ പ്രശ്നങ്ങളുടെ പരിഹാരകൻ, നാട്ടിലും വിദേശത്തും ഇടവക വികാരി, ഷിക്കാഗോ രൂപത ഫിനാൻസ് ഓഫീസർ, രൂപത യൂത്ത് കോ-ഓർഡിനേറ്റർ, മുളയം മേജർ സെമിനാരി വിസിറ്റിംഗ് പ്രൊഫസർ, ഗവേഷകൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച് കഴിഞ്ഞ ഒരു വർഷമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അസി. ഡയറക്ടറും ഗവേഷണവിഭാഗം ചുമതലയും വഹിക്കുന്ന ഫാ. പോൾ ചാലിശ്ശേരിയുടെ പൗരോഹിത്യ രജത ജൂബിലി വർഷമാണിത്. ഇതു പ്രമാണിച്ച് 29ന് ഞായറാഴ്ച ഒല്ലൂർ ഫൊറോന പള്ളിയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘം ജൂബിലി സ്വീകരണം നൽകുന്നതാണ്.

20-01-2000ൽ ഒല്ലൂരിൽ അസിസ്റ്റന്റ് വികാരിയായാണ് വൈദീകജീവിതം ആരംഭിച്ചത്. എന്നാൽ നാട്ടിൽ മണലൂർ വെസ്റ്റ്, പീച്ചി, പൊറത്തൂർ, മുളയം തുടങ്ങി ചുരുക്കം ഇടവകകളിൽ മാത്രമേ പ്രവർത്തിക്കാൻ അവസരം ഉണ്ടായുള്ളൂ. 4 വർഷത്തെ ഉപരിപഠനവും 11 വർഷത്തെ അമേരിക്കയിലെ സേവനവും മാറ്റിവെച്ചാൽ ഇവിടെ വെറും 10 വർഷം മാത്രമേ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ.

കണ്ടശ്ശാംകടവ് പരേതനായ ചാലിശ്ശേരി ആന്റണി-മറിയം ദമ്പതികളുടെ മകനായി 1973 ജൂൺ 20ന് ജനിച്ച പോൾ കണ്ടശ്ശാംകടവ് സെന്റ് മേരീസ് എൽ.പി., പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പഠനത്തിനുശേഷം 1989ൽ തൃശൂർ മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനു ചേർന്നു. തുടർന്ന് കോട്ടയം പൊന്തിഫിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കി. 22-12-1999ൽ മാർ ജേക്കബ് തൂങ്കുഴിയിൽനിന്ന് കണ്ടശ്ശാംകടവ് പള്ളിയിൽവെച്ച് വൈദികപട്ടം സ്വീകരിച്ചു. സഹോദരങ്ങൾ: മാത്യു, ഓമന, സ്റ്റെല്ല.

തുടർന്ന 2001ൽ ഉപരിപഠനത്തിന് ബാംഗ്ളൂരിൽ പോയി മൗണ്ട് ഫോർട്ട് കോളേജിൽനിന്ന് ക്ലിനിക്കൽ സൈക്കോളജിയിൽ എം.എസ്സ്.സി. ബിരുദം നേടി. 'ദാമ്പത്യം പ്രശ്നങ്ങളും പരിഹാരവും' എന്നതായിരുന്നു തീസിസ്. 2003ൽ മടങ്ങിയെത്തി മണലൂരിൽ ഒരു വർഷം വികാരിയായതിനുശേഷം വീണ്ടും ഹൈദ്രാബാദിൽ പോയി സ്വീകാർ റീഹാബിലിറ്റേഷൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് എം.ഫിൽ. നേടി. 2008ൽ തിരിച്ചുവന്നു. 'തെരുവിൽ അലഞ്ഞുതിരിയുന്നവരുടെ മാനസിക പ്രശ്നങ്ങളും പരിഹാരവും അവരുടെ പുനരധിവാസവും' എന്നതായിരുന്നു പഠനവിഷയം.

അതിനുശേഷം ഏതാനും വർഷം അതിരൂപതയിലെ വിവാഹകോടതി സെക്രട്ടറി, കൗൺസിലർ, NEST കൗൺസിലർ, ജെ.എം. ഹോസ്പിറ്റൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്. 2004ലെ സി.ബി.സി.ഐ. ജനറൽ അംബ്ലിയുടെ ജോ. സെക്രട്ടറി, അതിരൂപത മുളയം എഡ്യൂക്കേഷൻ ട്രസ്റ്റ് പ്രോപ്പർട്ടി ഹെൽപ്പിംഗ് മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. തുടർന്ന് അമേരിക്കയിലെ സീറോ മലബാർ സഭയുടെ ഷിക്കാഗോ രൂപതയിലെ 11 വർഷത്തെ നീണ്ട സേവനത്തിനായി പോയി. അവിടെ നിരവധി കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞു. രൂപത ഫിനാൻസ് ഓഫീസർ എന്ന നിലയിൽ ബിഷപ്സ് ഹൗസിന് സ്ഥലം വാങ്ങാനും കെട്ടിടനവീകരണകത്തിനും നേതൃത്വം നൽകി. ബിഷപ്പ് മാർ അങ്ങായിടത്ത്, മാർ ജോയ് ആലപ്പാട്ട് എന്നിവരുടെ കീഴിലാണ് പ്രവർത്തിച്ചത്. കൂടാതെ രൂപതയിലെ യൂത്ത് കോ-ഓർഡിനേറ്റർ, വൊക്കേഷൻ പ്രമോട്ടർ എന്ന നിലയിലും അപൂർവ്വ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായി അമേരിക്കക്കാരായ 7 യുവാക്കളെ ആദ്യമായി വൈദീകാന്തസ്സിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ചില ഇടവകകളിൽ വികാരിയായും പ്രവർത്തിച്ചു. ഈ പ്രവർത്തനത്തിനിടയിലും ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ 'യൂത്ത് ലീഡർഷിപ്പ്' എന്ന വിഷയത്തിൽ ജവഉ പഠനം പൂർത്തിയാക്കി. അതിന്റെ ഫൈനൽ തീസീസ് സമർപ്പണം ഏതാനും മാസത്തിനുള്ളിൽ നടക്കുന്നതാണ്. 27-12-2024ന് പൗരോഹിത്യ രജതജൂബിലി പൂർത്തിയാക്കുന്ന ഫാ. പോൾ ചാലിശ്ശേരിക്ക് എല്ലാവിധ ജൂബിലി ആശംസകളും നേരുന്നു.

-ബേബി മൂക്കൻ

കാർ നിയന്ത്രണം വിട്ട് പോസ്റ്റിലിടിച്ച് തമിഴ്നാട് സ്വദേശികൾക്ക് പരിക്ക്

ഗുരുവായൂർ : കണ്ടാണശ്ശേരി, പാരിസ് റോഡിൽ ഗുരുവായൂർ ക്ഷേത്രദർശനത്തിന് വന്നിരുന്ന സ്കോർപിയോ കാർ നിയന്ത്രണം വിട്ട് ഇലക്ട്രിക് പോസ്റ്റിലും സമീപത്തെ കടയുടെ ഷട്ടറിലും ഇടിച്ച് തമിഴ്നാട് സ്വദേശികൾക്ക് പരിക്ക്. തിരുനാവുകാർത്തു (49) മോഹൻ(42)ഹർഷിനി (24) മേഘശ്രീ(8) പൂർണി (23)ലാവണ്യ (35) എന്നിവർക്കാണ് പരിക്ക് പറ്റിയത്.

പരിക്ക് പറ്റിയവരെ ഗുരുവായൂർ ആക്ട്സ് പ്രവർത്തകർ കുന്നംകുളം ദയ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

കൊട്ടേക്കാട് പള്ളിയുടെ സഹസ്രാബ്ദ രജത ജൂബിലിക്ക് നാളെ തിരി തെളിയും

കൊട്ടേക്കാട്: പ്രസിദ്ധ മരിയൻ തീർത്ഥ കേന്ദ്രമായ കൊട്ടേക്കാട് പള്ളി സ്ഥാപിതമായതിന്റെ 1,025-ാം വാർഷികാഘോഷത്തിനു നാളെ (സെപ്റ്റംബർ 28) തെരിതെളിയും. കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളിയിൽ വൈകുന്നേരം4നു നടക്കുന്ന ചടങ്ങിൽ സിബി സി ഐ പ്രസിഡന്റും തൃശൂർ ആർച്ചുബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് സഹസ്രാബ്ദ രജത ജൂബിലി ദീപം തെളിക്കും.

ഇടവകയിലെ 75വയസു തികഞ്ഞവരേയും ദാമ്പത്യ സുവർണ ജൂബിലി ആഘോഷിക്കുന്നവരേയും ആദരിച്ചുകൊണ്ടാണ് ഇടവകയുടെ സഹസ്രാബ്ദ രജത ജൂബിലി ആഘോഷത്തിനു തുടക്കം കുറിക്കുന്നത്. വിശ്വാസദീപം പകർന്ന പൂർവികരുടെ പിന്തുടർച്ചക്കാരെന്ന നിലയിലാണ് മുതിർന്നവരെ ആദരിക്കുന്നതെന്ന് ന്നു വികാരി ഫാ. ജോജു ആളൂർ അറിയിച്ചു. ദേവാലയം കഴിഞ്ഞ വർഷം പുതുക്കിപ്പണിതതിനോടനുബന്ധിച്ചു പുറത്തിറക്കുന്ന സ്മരണികയുടെ കവർ പ്രകാശനവും നടക്കും. ചടങ്ങുകൾക്കുശേഷം വൈകുന്നേരം 5നു ദിവ്യബലിയും നൊവേനയും ഉണ്ടാകും.

കൊട്ടേക്കാട് പള്ളി സ്ഥാപിതമായത് ആയിരാമാണ്ടിൽ ആണെന്നാണു ചരിത്ര രേഖകൾ. കേരളത്തിലെ ഏറ്റവും പുരാതന പള്ളികളിലൊന്നാണിത്. ജനുവരി 26 നാണ് 1,025-ാം വാർഷികാഘോഷ പരിപാടികൾ നടത്തുക.

ക്ഷേമ പെൻഷൻ അനുവദിക്കണമെന്ന് ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ജില്ലാ സമ്മേളനം

ഇരിങ്ങാലക്കുട : ലൈറ്റ് ആന്റ് പന്തൽ മേഖലയിലെ തൊഴിലാളികൾക്ക് സ്വതന്ത്ര്യ ക്ഷേമപെൻഷൻ അനുവദിക്കണമെന്ന് ഇരിങ്ങാലക്കുടയിൽ നടന്ന ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരള തൃശ്ശൂർ ജില്ലാ സമ്മേളനം.

ടൗൺ ഹാളിൽ ആരംഭിച്ച സമ്മേളനം ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സാബു സി എൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ പി എം എച്ച് ഇഖ്ബാൽ, ഭാരവാഹികളായ കെ എ വേണുഗോപാൽ, ബാബു മാവേലിക്കര, അജയൻ തിരുവനന്തപുരം, അനിൽകുമാർ പത്തനംതിട്ട എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി വി എസ് വേണു സ്വാഗതവും ജില്ലാ ട്രഷറർ പി സി ഹൈദ്രോസ് നന്ദിയും പറഞ്ഞു. വൈകീട്ട് പ്രകടനത്തെ തുടർന്ന് നടന്ന പൊതു സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സാബു സി എൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി റഹീം കുഴിപ്പുറം, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി ,റാഫി ഫിനിക്സ്, ടി എസ് എസ് ബാവ എന്നിവർ ആശംസകൾ നേർന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വിദ്യാധരൻ മാസ്റ്റർ, ആൻസി സോജൻ , സാജ് സുരേഷ്, നെജു ഫെർഫെക്ട്, സലീഷ് നനദുർഗ്ഗ എന്നിവരെ സംസ്ഥാന പ്രസിഡന്റ് തമ്പി നാഷണൽ ആദരിച്ചു. സ്വാഗത സംഘം ചെയർമാൻ കെ ടി ചന്ദ്രൻ സ്വാഗതവും പ്രോഗ്രാം കൺവീനർ മെൽവിൻ തോമസ് നന്ദിയും പറഞ്ഞു.

സമ്മേളനത്തിന്റെ ഭാഗമായി ചേർന്ന സാംസ്കാരിക സമ്മേളനം സനീഷ്കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ്-പ്രസിഡണ്ട് നാസർ വോയ്സ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ എട്ട് മേഖലകളിൽ നിന്നായി മൂന്നുറോളം പേർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

തൃശൂർ പൂരംഅട്ടിമറിക്കൽ: യൂത്ത് ലീഗ് മാർച്ചിന് നേരെ ജല പീരങ്കി

തൃശ്ശൂർ പൂരംഅട്ടിമറിച്ചതിനെതിരെ മുസ്ലിം യൂത്ത് ലീഗ് ജില്ല കമ്മറ്റി ജില്ല പോലീസ് ആസ്ഥാനത്തേക്ക് നടത്തിയ മാർച്ച്. സംസ്ഥാന സെക്രട്ടറി ടി പി എം ജിഷാൻ ഉദ്ഘാടനം ചെയ്യുന്നു.

തൃശ്ശൂർ : മുഖ്യമന്ത്രിയും ആർ എസ് എസും പോലീസ് മേധാവിയും ചേർന്നുള്ള മാഫിയ കൂട്ടുകെട്ടിനെതിരെ മുസ്ലിം യൂത്ത് ലീഗ് തൃശൂർ ജില്ലാ കമ്മിറ്റി, ജില്ല പോലീസ് ആസ്ഥാനത്തേക്ക് മാർച്ച് നടത്തി. തെക്കെ ഗോപുര നടയിൽ നിന്നാരംഭിച്ച മാർച്ച് പോലീസ് ആസ്ഥാനത്തിനു സമീപം പോലീസ് ബാരിക്കേഡ് കെട്ടി തടഞ്ഞു. പിന്നീട് ജല പീരങ്കി പ്രയോഗിച്ചു. യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി ടി പി എം ജിഷാൻ ഉദ്ഘാടനം ചെയ്തു. പൂരം കലക്കൽ തുടരന്വേഷണം ഇപ്പോഴത്തെ പ്രതിഷേധങ്ങളിൽ നിന്ന് മുഖം തിരിക്കാനുള്ള അടവ് മാത്രമാണെന്ന് ടി പി എം ജിഷാൻ പറഞ്ഞു.

സുരേഷ് ?ഗോപിയെ ജയിപ്പിക്കാനുള്ള നാടകമായിരുന്നു പൂരം കലക്കൽ. മുഖ്യമന്ത്രിയുടെ അറിവോടെ നടന്ന ഈ പദ്ധതി നടപ്പിലാക്കാക്കിയത് എഡിജിപി അജിത് കുമാറാണ്. പ്രതിയെ തന്നെ കേസന്വേഷണം ഏൽപ്പിക്കുകയാണ് നേരത്തെ മുഖ്യമന്ത്രി ചെയ്തത്. ആരോപിതനായ എഡിജിപി ഇപ്പോഴും ക്രമസമാധാന ചുമതലയിൽ തുടരുകയാണ്. ഘടകകക്ഷികൾ നിരന്തരം ആവശ്യപ്പെട്ടിട്ടും എഡിജിപിയെ മാറ്റാത്തതിന് പിന്നിൽ മുഖ്യമന്ത്രിയുടെ വ്യക്തി താൽപ്പര്യം ആണെന്നും ജിഷാൻ പറഞ്ഞു.

പൂരം കലങ്ങിയത് കൊണ്ട് ഗുണം കിട്ടിയ ഒരേ ഒരാൾ സുരേഷ് ഗോപിയാണ്. ഇലക്ഷന് മുമ്പ് പൂരം കലക്കിയവരെ പിടിക്കുമെന്ന് പറഞ്ഞു ബഹളം ഉണ്ടാക്കിയിരുന്ന ബിജെപി നേതാക്കൾ ഇപ്പൊൾ കുറ്റവാളികളെ പിടിക്കണം എന്ന് ഒരു ഫേസ്ബുക്ക് പോസ്റ്റ് പോലും ഇടുന്നില്ല. എഡിജിപി യുടെ റിപ്പോർട്ടിനെതിരെ ഒരു വാക്ക് പോലും മിണ്ടുന്നില്ല.

മുഖ്യമന്ത്രിയും ആർ എസ് എസും എഡിജിപി യും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് പൂരം കലക്കിയത് എന്ന് ബോധ്യമായിട്ടും കേവല എതിർപ്പുകൾ കൊണ്ട് സായൂജ